വഴിവെളിച്ചം

# അറിവിന്റെ മഹത്വം

عَن أَنَس بن مَالِكٍ رَضِيَ اللَّهُ عَنهُ قَالَ: قَالَ رَسُولُ اللَّهِ ﷺ: يُوزَنُ يَوْمَ الْقِيَامَةِ مِدَادُ الْعُلَمَاءِ وَدَمُ الشُّهَدَاءِ ، فَيُرْجَحُ مِدَادُ الْعُلَمَاءِ عَلَى دَمِ الشُّهَدَاءِ

**അനസ്ബ്നു മാലികി(റ)ൽനിന്ന്: നബി(സ) പറഞ്ഞു: "അന്ത്യനാളിൽ ജ്ഞാനികളുടെ മഷിത്തുള്ളികളും രക്തസാക്ഷികളുടെ രക്തത്തുള്ളികളും തൂക്കിനോക്കും. അപ്പോൾ രക്തസാക്ഷികളുടെ രക്തത്തുള്ളികളെക്കാൾ ജ്ഞാനികളുടെ മഷിത്തുള്ളികൾക്കാവും മുൻഗണന കൽപിക്കപ്പെടുക."***

**അറിവ്** ദീനിൽ സർവപ്രധാനമാണ്. അതിനോളം മഹത്തരമായ മറ്റൊരു കർമവുമില്ല. സർവ കർമങ്ങളുടെയും പ്രേരകവും പ്രചോദനവുമാണത്. ഭക്തനെ കൂടുതൽ ഭക്തനാക്കുന്നതും പോരാളിക്ക് ആത്മവീര്യം പകരുന്നതും മടിയനെ ഉത്സാഹിയാക്കുന്നതും കർമങ്ങളെ കുറിച്ചുള്ള ജ്ഞാനവും അവബോധവുമാണ്. അതില്ലാത്തവർക്ക് പ്രവർത്തനമാർഗത്തിൽ മുന്നോട്ടു ഗമിക്കാനോ പരീക്ഷണങ്ങളെ സമചിത്തതയോടെ തരണം ചെയ്യാനോ സാധിക്കുകയില്ല.

സൃഷ്ടിച്ചവനായ നാഥന്റെ നാമത്തിൽ വായിക്കാനാണ് ഖുർആന്റെ പ്രഥമകൽപന(96:1). "അറിവുള്ളവരും അറിവില്ലാത്തവരും സമമാകുമോ?" (39:9). അറിവുള്ളവരെ അല്ലാഹുവിനോടും മലക്കുകളോടും ചേർത്തു പറയുന്നു മറ്റൊരിടത്ത് (3:18).

"നിങ്ങളിൽ വിശ്വാസികളായിത്തീർന്നവർക്കും ജ്ഞാനം ലഭിച്ചവർക്കും അല്ലാഹു ഉന്നതപദവികൾ നൽകും" (58:11) എന്ന സൂക്തം വിശദീകരിച്ചുകൊണ്ട് ഇബ്നു അബ്ബാസ്(റ) പറഞ്ഞു: "കേവല വിശ്വാസിയേക്കാൾ ജ്ഞാനിക്ക് ദൈവസന്നിധിയിൽ എഴുനൂറ് പദവികൾ കൂടുതലുണ്ടായിരിക്കും. അവയിൽ ഓരോ പദവികൾക്കുമിടയിലുള്ള അകലം അഞ്ഞൂറ് വർഷത്തെ വഴിദൂരമായിരിക്കും!"

വിജ്ഞാനത്തെയും ആരാധനയെയും താരതമ്യം ചെയ്തുകൊണ്ടുള്ള ധാരാളം നബിവചനങ്ങളുണ്ട്. അറിവിന്റെ മഹത്വം വിളംബരം ചെയ്യുന്നവയാണ് അവയെല്ലാം. അനസ്(റ) പറയുന്നു: "ഒരിക്കൽ ഒരാൾ പ്രവാചകനോട് ചോദിച്ചു: "അല്ലാഹുവിന്റെ റസൂലേ, കർമങ്ങളിൽ ഏറ്റവും ശ്രേഷ്ഠമായതേത്?" അവിടുന്ന് പറഞ്ഞു: "അല്ലാഹുവിനെ കുറിച്ചുള്ള ഇൽമ്" ആഗതൻ ചോദിച്ചു: "ഇൽമ്(അറിവ്) എന്നതുകൊണ്ട് എന്താണ് താങ്കൾ ഉദ്ദേശിക്കുന്നത്?" നബി(സ): "അല്ലാഹുവിനെ കുറിച്ചുള്ള അറിവ് തന്നെ!" ആഗതൻ: "ഞാൻ താങ്കളോട് കർമങ്ങളെക്കുറിച്ചാണ് അന്വേഷിക്കുന്നത്; താങ്കളോ ഇൽമിനെ കുറിച്ചാണ് പറയുന്നത്?" നബി(സ): "കുറഞ്ഞ പ്രവർത്തനവും അല്ലാഹുവിനെക്കുറിച്ചുള്ള അറിവോടു കൂടിയാണെങ്കിൽ പ്രയോജനപ്പെടും. എന്നാൽ അല്ലാഹുവിനെക്കുറിച്ചുള്ള അജ്ഞതയോടെയാണെങ്കിൽ കൂടിയ കർമങ്ങളും പ്രയോജനപ്പെടുകയില്ല" (ഇബ്നു അസദിൽ ബർറ്, ദൈലമി) അബൂദർറുൽ ഗിഫാരി(റ)യെ നബി(സ) ഉപദേശിച്ചു: "അല്ലയോ അബൂദർറ്, അല്ലാഹുവിന്റെ ഗ്രന്ഥത്തിലെ ഒരു സൂക്തം പഠിക്കുന്നതിന് നീ പരിശ്രമിക്കുന്നതാണ് നൂറ് റക്അത്ത് നമസ്കരിക്കുന്നതിനേക്കാൾ ശ്രേഷ്ഠം" (ഇബ്നുമാജ).

രക്തസാക്ഷ്യവും വിജ്ഞാനസമ്പാദനവും തമ്മിലുള്ള കൗതുകകരമായ താരതമ്യമാണ് ആദ്യംകൊടുത്ത ഹദീസ്. രക്തസാക്ഷിയെക്കാൾ ജ്ഞാനിക്കുള്ള ശ്രേഷ്ഠത വ്യക്തമാക്കുകയാണ്. മറ്റൊരു നബിവചനം കാണുക: "അന്ത്യനാളിൽ മൂന്ന് കൂട്ടർക്ക് ദൈവസന്നധിയിൽ ശിപാർശ നടത്താനുള്ള അവസരം നൽകപ്പെടും. ആദ്യം പ്രവാചകന്മാർക്ക്, പിന്നീട് ജ്ഞാനികൾക്ക്, ശേഷം രക്തസാക്ഷികൾക്ക്" (ഇബ്നുമാജ).

പണ്ഡിതന്മാർക്കോ രക്തസാക്ഷികൾക്കോ കൂടുതൽ ശ്രേഷ്ഠത എന്ന ചർച്ചയിൽ വ്യത്യസ്താഭിപ്രായങ്ങൾ ഉയർന്നുവന്നിട്ടുണ്ട്. ഈ അഭിപ്രായങ്ങളെ നിരൂപണം ചെയ്തുകൊണ്ട് ഇമാം ഇബ്നുസംലക്കാനി പറയുന്നു: "രക്തസാക്ഷികളുടെയും പണ്ഡിതന്മാരുടെയും ശ്രേഷ്ഠത അവരുടെ പ്രവർത്തനങ്ങളുടെയും സമൂഹത്തിൽ അവ സൃഷ്ടിച്ച സ്വാധീനത്തിന്റെയും വ്യാപ്തിയനുസരിച്ച് മാറിമറിഞ്ഞുകൊണ്ടിരിക്കും. ചിലപ്പോൾ ഒരു രക്തസാക്ഷി ഒരുകൂട്ടം പണ്ഡിതന്മാരേക്കാൾ ദൈവസന്നിധിയിൽ ശ്രേഷ്ഠനായിത്തീർന്നേക്കാം. ഒരു പണ്ഡിതൻ രക്തസാക്ഷികളേക്കാൾ പ്രതിഫലാർഹനായി എന്നും വരാം. ഓരോരുത്തരുടെയും പ്രവർത്തനങ്ങളുടെ രീതിയും അതുണ്ടാക്കിയ സ്വാധീനവും അനുരണനങ്ങളുമെല്ലാം നോക്കിയായിരിക്കും അത് നിർണയിക്കപ്പെടുക" (*ഇത്ഹാഫ്*, വാല്യം: 1, പേജ്: 111). ■

**ജഅ്ഫർ എളമ്പിലാക്കോട്**

* ഇമാം ശീറാസീ അനസുബ്നു മാലികി(റ)ൽനിന്നും, ഇബ്നുൽ ജൗസി നുഅ്മാനുബ്നു ബശീറി(റ)ൽനിന്നും, ഇബ്നു അബ്ദിൽബർറ് അബുദർദാഇ(റ)ൽനിന്നും, ദൈലമി ഇബ്നു ഉമറി(റ)ൽനിന്നും വിവിധ നിവേദക പരമ്പരകളിലൂടെ ഉദ്ധരിച്ച നബിവചനം. ഓരോ നിവേദനത്തിലും ദുർബല കണ്ണികളുണ്ടെങ്കിലും നിവേദക പരമ്പരകളുടെ ആധിക്യം ഹദീസിന് ബലം നൽകുന്നുണ്ടെന്ന് അല്ലാമാ മുനാഖി.